# അക്കാദമിക

# മാസ്റ്റർ പ്ലാൻ

**എൽ. പി. എസ് ഇരുമ്പനം**

# സ്കൂൾ വിവരങ്ങൾ

| | | |
|---|---|---|
| 1. | റവന്യൂ ജില്ല | : എറണാകുളം |
| 2. | സ്കൂൾ കോഡ് | : 26416 |
| 3. | സ്കൂളിന്റെ പേര് | : എൽ.പി.എസ് ഇരുമ്പനം |
| 4. | മേൽവിലാസം | : ഇരുമ്പനം പി. ഓ ,എറണാകുളം ജില്ല |
| 5. | പിൻ കോഡ് | : 682309 |
| 6. | ഫോൺ നമ്പർ | : 9400568784 |
| 7. | ഇ-മെയിൽ | : lpsirimpanam1922@gmail.com |
| 8. | മുൻസിപ്പാലിറ്റി | : എറണാകുളം |
| 9. | വിദ്യാഭ്യാസ ജില്ല | : എറണാകുളം |
| 10. | സബ് ജില്ല | : തൃപ്പൂണിത്തുറ |
| 11. | ക്ലാസ്സുകൾ | : 1 മുതല് 4 വരെ |
| 12. | മാനേജ്മെൻറ് | : ഗവൺമെന്റ് എയിഡെഡ് |
| 13. | പഠനമാധ്യമം | : മലയാളം |

## ആമുഖം

എറണാകുളം ജില്ലയുടെ പടിഞ്ഞാറുള്ള രാജനഗര പ്രദേശമായ തൃപ്പൂണിത്തുറയുടെ ഭാഗമായ ഇരുമ്പനം എന്ന കൊച്ചു നാടിന്റെ വെളിച്ചമാണ് എൽ.പി.എസ് ഇരുമ്പനം. 1922-ൽ തുടക്കമിട്ട ഈ വിദ്യാലയം മഹനീയമായ പ്രവർത്തനങ്ങളിലൂടെ ഒരു നൂറ്റാണ്ട് പിന്നിയിട്ടിരിക്കുന്നു. ഒട്ടനവധി തലമുറകൾക്ക് അറിവ് പകർന്നു നല്കി ഇരുമ്പനത്തിന് എന്നും വെളിച്ചമായി നിലകൊള്ളുന്ന ഈ വിദ്യാലയം നാടിന്റെയാകെ അഭിമാനമാണ്. ഒരു നൂറ്റാണ്ട് നീണ്ട ഈ യാത്രയിൽ എത്രയോ പ്രതിഭകളാണ് ഇവിടുത്തെ ക്ലാസ്സ് മുറികളിൽ പഠിച്ചിറങ്ങിയത്. തലമുറകളെ വാർത്തെടുത്ത ഈ കൊച്ചു വിദ്യാലയം ഇനിയും നൂറ്റാണ്ടുകൾക്ക് മാതൃകയായി തുടരും.

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ ആവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കികൊണ്ട് അക്കാദമികരംഗത്തും കലാരംഗത്തും കായിക രംഗത്തും ഒരേപോലെ മികവ് വർദ്ധിപ്പിക്കാൻ സ്കൂളിന് കഴിയുന്നു. എല്ലാവരെയും ഉൾപ്പെടുത്തിയുള്ള വിദ്യാഭ്യാസം പ്രവർത്തികമാക്കാൻ വൈവിധ്യമാർന്ന ബോധനതന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സ്കൂളിന് കഴിയുന്നു. കുട്ടികളുടെ മാനസിക ആരോഗ്യ വളർച്ചക്കായി യോഗ ക്ലാസ്സുകളും നടത്തിവരുന്നു. ഓരോ പ്രവർത്തനങ്ങളും കൃത്യമായി വിലയിരുത്തുകയും പോരായ്മകൾ ഉണ്ടെങ്കിൽ അപ്പപ്പോൾ പരിഹരിക്കുകയും ചിട്ടയായ അക്കാദമിക പ്ലാനിങ്ങും ഉറപ്പുവരുത്തുന്നു. വിദ്യാലയത്തിന്റെ ആവശ്യങ്ങൾക്ക് ശക്തമായി കൂടെ നിലക്കുന്ന പി ടി എ യും, പൂർവവിദ്യാർഥികളും, നാട്ടുകാരും, ജനപ്രതിനിധികളുടെയും നിത്യമായ സഹായങ്ങൾ സ്കൂൾ നിലവാരം ഒരു പടി മുന്നിലേക്ക് നയിക്കുന്നു. ഹരിത വിദ്യാലയം, വിദ്യാലയം തന്നെ പുസ്തകം എന്ന ആശയങ്ങൾ മുൻനിർത്തി ഒട്ടേറെ വിജയങ്ങൾ കൈവരിക്കാൻ ഈ വിദ്യാലയത്തിന് കഴിയുന്നു.

## അക്കാദമികവും ഭൗതികവുമായ നേട്ടങ്ങൾ

കാലങ്ങളായി വിദ്യാർഥികളുടെ ക്ഷാമം അനുഭവപെട്ടയിരുന്ന ഈ സ്കൂൾ മികച്ച അക്കാദമിക പ്രവർത്തനങ്ങളുടെ ഫലമായി എണ്ണത്തിൽ മികവേറിയ മാറ്റം കൈവരിച്ചുവരുന്നത് ശ്രദ്ധേയമാണ്. കലോത്സവം, കായികം, ശാസ്ത്ര മേള, എൽ എസ് എസ് പരീക്ഷകൾ എന്നിവയിലെ നിരന്തര പങ്കാളിത്തം. സ്കൂൾ പരിഷ്കരണത്തിന്റെ ഭാഗമായി മികച്ച ഐടി ലാബുകൾ, സ്മാർട്ട് ക്ലാസ്സുകൾ, ലൈബ്രറി, കളിസ്ഥലങ്ങൾ, യോഗ പരിശീലനം എന്നിവ സങ്കടിപ്പിച്ചുവരുന്നു.

## അക്കാദമികവും ഭൗതികവുമായ പോരായ്മകൾ

അന്യസംസ്ഥാന കുട്ടികളോടുള്ള സംഭാഷണം അവരില് വരുന്ന പഠനവിടവ്, ഭാഷാപരമായ പരിമിതികൾ, നല്ലൊരു പാർക്കിന്റെ അഭാവം, ഇംഗ്ലീഷ് ഭാഷ പരിമിതി,

ക്ലാസ്സുകൾ ഹൈ ടെക് നിലവരത്തിലേക്ക് ഉയരണം, ക്ലാസ് മുറികൾ തിരിക്കണം, ആകാർഷകമായ പൂന്തോട്ടം, ക്ലാസ് മുറികളിലെ വെളിച്ച കുറവ്, ഇടവേളകളിൽ കുട്ടികളുടെ അച്ചടക്ക കുറവ്, വേസ്റ്റ് മാനേജ്മെൻറ്, കുട്ടിയകളിൽ വായനയുടെ അഭാവം, കലോത്സവങ്ങളിൽ മുഖമുദ്ര പതിപ്പിക്കണം. Lss ട്രെയിനിങ് ശക്തിപ്പെടുത്തണം, കളി സാമാനങ്ങളുടെ കുറവ്.

## അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവാർത്തനങ്ങൾ

### വികസന ലക്ഷ്യങ്ങൾ

1. ഭാഷയശേഷി വികസനം
2. ഗണിത ശേഷി വികസനം
3. ഇംഗ്ലീഷ് പഠനം അനയാസമാക്കൽ
4. വായന ശേഷി വർദ്ധിപ്പിക്കൽ
5. ശാസ്ത്രപോഷണ പരിപാടികൾ
6. ഐടി ലാബ്, ലൈബ്രറി നവീകരണം
7. ജൈവവൈവിധ്യ പാർക്ക്
8. സ്കോളർഷിപ്പ് പരിശീലനം
9. അധ്യാപക ശാക്തീകരണം -srg
10. പ്രവർത്തി പരിചയ പരിശീലനം
11. കലാപരിപോഷണം
12. പച്ചക്കറി തോട്ടം പൂന്തോട്ടം
13. ശില്പശാല
14. ദിനാചരണം ശക്തിപ്പെടുത്തൽ
15. കായിക ശേഷി വികസനം
16. ക്ലാസ് പി ടി എ കാര്യക്ഷമമാക്കൽ

# പ്രവർത്തനം- വിശദാംശങ്ങൾ

| ഉപമേഖല- ഇംഗ്ലീഷ് ഭാഷ പഠനം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതാനും സംസാരിക്കാനും ഉള്ള ശേഷി വികസനം | 1. ഇംഗ്ലീഷിൽ തന്നെ ഇംഗ്ലീഷ് ക്ലാസ് കൈകാര്യം ചെയ്യൽ.<br><br>2. ഇംഗ്ലീഷ് communicative ക്ലാസ്സുകൾ കൊടുക്കുക.<br><br>3. ഇംഗ്ലീഷ് അസ്സെംബ്ലി ഓരോ ക്ലാസ്സിനും നടത്താൻ അവസരം.<br><br>4. ഇംഗ്ലീഷ് ഡയറി എഴുത്ത്, സ്റ്റോറി ടെല്ലിംഗ്.<br><br>5. ഭാഷാ ലാബ് ഒരുക്കൽ | എല്ലാ ക്ലാസ്സും<br><br>ആഴ്ചയിൽ ഒരിക്കൽ<br><br>ആഴ്ചയിൽ ഒരു ദിവസം<br><br>എല്ലാ ദിവസവും<br><br>ആഴ്ചയിൽ ഒരിക്കൽ | ബന്ധപ്പെട്ട ടീച്ചർ<br><br>ക്ലാസ് ടീച്ചർ<br><br>ക്ലാസ് ടീച്ചർ<br><br>ക്ലാസ് ടീച്ചർ<br><br>ക്ലാസ് ടീച്ചർ | മാനേജ്മെൻറ് / PTA |

| ഉപമേഖല- മലയാള ഭാഷ പഠനം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനും ഉള്ള ശേഷി വികസനം (ശ്രദ്ധ, നവപ്രഭ) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1) അക്ഷരം ഉറപ്പിക്കൽ<br>2) ചിഹ്നം ഉറപ്പിക്കൽ<br>3) പദ നിർമ്മാ ണം<br>4) വാക്യ നിർമ്മാ ണം<br>5) ഭാഷാപരമായി പിന്നോക്കം നിലക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസ്സ് | 2 മാസം<br>1 വർഷക്കാലം | ഭാഷ അധ്യാപകർ | |

| ഉപമേഖല- ദിനാചാരണങ്ങൾ | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതല് മാർച്ച് വരെ പ്രധാന ദിനചരണങ്ങൾ പഠനപ്രവർത്ത നമായി സംഘടിപ്പിക്കൽ | ജൂൺ - മാർച്ച് | SRG | - |

| ഉപമേഖല- പഠനയാത്രകൾ | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| പഠനയാത്രകളിലൂടെ ചരിത്ര മ്യൂസിയങ്ങൾ, സ്മാരകങ്ങൾ , ചുമർചിത്രങ്ങൾ, ക്ഷേത്ര കലകൾ എന്നിവയെ കുറിച്ച് മനസിലാക്കൽ. | സമൂയപ്രാധാന്യമുള്ള സ്ഥലങ്ങൾ ചരിത്രസ്മാരകങ്ങൾ, തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | വർഷത്തിൽ 1 തവണ | SRG | |

| ഉപമേഖല- ആരോഗ്യമുള്ള ശരീരം, മനസ്സ് രൂപപ്പെടുത്തൽ | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| ആരോഗ്യമുള്ള ശരീരം, ആരോഗ്യമുള്ള മനസ്സ് രൂപപ്പെടുത്തൽ , വിദ്യാഭ്യാസം ഫലപ്രഥമാക്കൽ | യോഗ പരിശീലനം | ആഴ്ചയിൽ 1 ദിവസം | യോഗ instructor | - |

| ഉപമേഖല- സ്കോളർഷിപ്പ് പരീക്ഷ പരിശീലനം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| പരമാവധി കുട്ടികൾക്ക് സ്കോളർഷിപ്പ് മത്സര പരീക്ഷയിലൂടെ ലഭ്യമാക്കൽ | LSS ഉൾപ്പടെ ഉള്ള സ്കോളർഷിപ്പ് പരീക്ഷകൾ കുട്ടികൾക്ക് ചിട്ടയായ പരിശീലനം ഉറപ്പുവരുത്തുക | 1 വർഷത്തിൽ 3 മാസം | സയൻസ് ടീച്ചർ | - |